LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ഇ.ബി. മസ്ദൂർ നിയമനം

16(2004) ശ്രീ ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. മസ്ദൂർ തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോൾ ; ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കും ; ഇതുവരെ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കി ; എത്ര ഒഴിവുകൾ നിലവിലുണ്ട് ; ജില്ല തിരിച്ച് വിശദാംശം നൽകുമോ ;

(ബി) ലൈൻമാൻ, ഓവർസിയർ തസ്തികകളിലേക്ക് യഥാസമയം പ്രൊമോഷൻ നല്കാത്തതിനാൽ മസ്ദൂർ തസ്തികയിൽ ഒഴിവുണ്ടാകുന്നില്ല എന്നുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 30-9-2013 -ന് റാങ്ക് ലിസ്റ്റ് നിലവിൽ വന്നു, ലിസ്റ്റിന്റെ കാലാവധി 29-9-2016-ന് അവസാനിക്കും. ഇതുവരെ 1874 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്. നിലവിൽ ഒരു ജില്ലയിലും ഒഴിവുകൾ ഇല്ല.

(ബി) ലൈൻമാൻ, ഓവർസിയർ തസ്തികകളിലേക്ക് യഥാസമയം പ്രൊമോഷൻ നൽകിവരുന്നുണ്ട്. ലൈൻമാൻ തസ്തികയിൽ നിലവിൽ ഒഴിവില്ല. ഓവർസിയർ തസ്തികയിൽ പ്രൊമോഷൻ നൽകുന്നതിനുള്ള ഒഴിവുകൾ ആയിട്ടില്ല. ഓവർസിയർ & ലൈൻമാൻ തസ്തികകളിൽ ഒഴിവുവരുന്ന മുറയ്ക്ക് പ്രൊമോഷൻ നൽകുകയും ഇങ്ങനെയുണ്ടാകുന്ന മസ്ദൂർ ഒഴിവുകൾ പി.എസ്.സി. വഴി നികത്തുകയും ചെയ്തു വരുന്നു.

(സി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നുണ്ട്.

കെ.എസ്.ഇ.ബി.-യുടെ ആസ്തി

17(2005) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും കെ.എസ്.ഇ.ബി.-യുടെ ആഡിറ്റ് പ്രകാരമുള്ള ഫിക്സഡ് അസറ്റുകളുടെ ഗ്രോസ് വാല്യൂ എത്രയെന്നും തേയ്മാനം കഴിഞ്ഞുള്ള നെറ്റ് വാല്യൂ എത്രയെന്നും മൊത്തം ആസ്തി എത്രയെന്നും വ്യക്തമാക്കുമോ ;